ശ്രീ. അനൂപ് ജേക്കബ്: സർ, എ.പി.എൽ. നോർമൽ വിഭാഗത്തിന് 10 കിലോഗ്രാം കൊടുക്കുന്നുണ്ട്. എ.പി.എൽ. സബ്സിഡിക്ക് 9 കിലോഗ്രാമാണ് ലഭ്യമാക്കുന്നത്. ഇത് കഴിഞ്ഞ ചോദ്യത്തിന് മറുപടിയായി ഞാൻ പറഞ്ഞതാണ്. അലോട്ട്മെന്റ് കൂടുതൽ ലഭിക്കുന്നതിനനുസരിച്ച് കൂടുതൽ അരി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യും.

ശ്രീ. വി. ഡി. സതീശൻ: സർ, കുറ്റകൃത്യം ചെയ്യാതിരിക്കണമെങ്കിൽ ആളുകൾക്ക് ഭയമുണ്ടാകണം. പക്ഷെ കേരളത്തിൽ ഉല്പാദിപ്പിക്കുന്ന സാധനങ്ങളിലോ കേരളത്തിന് പുറത്തു നിന്നുവരുന്ന ഭക്ഷണപദാർത്ഥങ്ങളിലോ മായം ചേർക്കുക എന്ന ഗൗരവതരമായ കുറ്റകൃത്യം ചെയ്യുന്ന ആളുകൾക്ക് ഇന്ന് ഭയമില്ലാതായിരിക്കുകയാണ്. യഥാർത്ഥത്തിൽ ഇതിന് ഒരു deterrent factor ഉണ്ടാകണം. പാർലമെന്റ് നേരത്തെ പാസ്സാക്കിയ Prevention of Adulteration Act, ഇപ്പോൾ മാറുകയും പുതിയ ആക്ട് വന്നിരിക്കുകയുമാണ്. ഈ ആക്ടുമായി യോജിപ്പിച്ച് ലാബുകളെ ശക്തിപ്പെടുത്തുകയും പുതിയ ലാബുകൾ ഉണ്ടാക്കുകയും അതേ അവസരത്തിൽ ഏത് premises-ലും പോയി പിടിച്ചെടുക്കാനുള്ള ഒരു സംവിധാനം ആരോഗ്യ വകുപ്പിനു കീഴിലോ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന് കീഴിലോ ഉണ്ടാകുകയും വേണം. അത്തരം കാര്യങ്ങൾ ഗൗരവതരമായി ഗവൺമെന്റ് പരിഗണിക്കുമോ?

ശ്രീ. അനൂപ് ജേക്കബ് : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ഗൗരവതരമായ വിഷയമാണ്. തീർച്ചയായിട്ടും അക്കാര്യം പരിശോധിക്കും. കൂടുതൽ ലാബുകൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

## ഹയർ സെക്കണ്ടറി പാഠ്യപദ്ധതി സമീപന രേഖ

6 (*696) ശ്രീ. സി. ദിവാകരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. കെ. അജിത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി ഹയർ സെക്കന്ററി പാഠ്യപദ്ധതി സമീപനരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഈ സമഗ്രരേഖയിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ :

(ബി) നിലവിലുണ്ടായിരുന്ന പാഠ്യപദ്ധതിയുടെ പോരായ്മകളെക്കുറിച്ച് പഠനം നടത്താതെയാണ് പ്രസ്തുത സമഗ്രരേഖ തയ്യാറാക്കിയിട്ടുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(സി) യോഗയും സൂര്യനമസ്ക്കാരവും പഠിപ്പിക്കേണ്ടതില്ലെന്ന ശുപാർശയുണ്ടായിട്ടുണ്ടോ ; എങ്കിൽ ഈ ശുപാർശയ്ക്ക് ആധാരമായ കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): സർ,

(എ) ഹയർ സെക്കന്ററി പാഠ്യപദ്ധതി സമീപനരേഖയുടെ കരട് രൂപം തയ്യാറാക്കിയിട്ടുണ്ട്. നിലവിലുള്ള കരട്‌രേഖയിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് :

1. വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റണം.

2. പ്രവർത്തനാധിഷ്ഠിത പഠനത്തിന് യോജിച്ച പശ്ചാത്തല സൗകര്യങ്ങൾ ഉറപ്പാക്കണം.

3. ഉന്നതവിദ്യാഭ്യാസ മേഖലയിലേക്ക് കുട്ടികളെ സജ്ജരാക്കാൻ കഴിയുന്ന വൈദഗ്ദ്ധ്യം ഉറപ്പുവരുത്തണം.

4. അഭിരുചിക്കനുസരിച്ച് വൈവിദ്ധ്യമാർന്ന കോമ്പിനേഷനുകൾ തെരഞ്ഞെടുക്കാൻ അവസരമുണ്ടാകണം.

5. വ്യത്യസ്ത നിലവാരത്തിൽപ്പെട്ടവരും വ്യത്യസ്ത സാമൂഹിക-സാമ്പത്തിക പശ്ചാത്തലത്തിൽ നിന്ന് വരുന്നവരുമായ വിദ്യാർത്ഥികളെ ഉൾക്കൊള്ളാൻ പര്യാപ്തമാവണം.

6. ഉന്നതമായ മൂല്യങ്ങൾ വളർത്തിയെടുക്കാൻ കഴിയണം.

7. ഐ.സി.റ്റി. സാധ്യതകൾ പഠനത്തിന് പ്രയോജനപ്പെടുത്താൻ അവസരമുണ്ടാകണം.

8. വൈജ്ഞാനിക രംഗത്തെ സമകാലിക വികാസങ്ങൾ ഉൾക്കൊള്ളാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കണം.

9. നിരന്തരവും സമഗ്രവുമായ മൂല്യനിർണ്ണയം പഠനത്തിന്റെ ഭാഗമാക്കണം.

10. സമൂഹ വ്യാപന പ്രവർത്തനങ്ങൾക്ക് വഴിയൊരുക്കണം.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ശുപാർശ ഉണ്ടായിട്ടില്ല. എന്നാൽ കായിക വിദ്യാഭ്യാസത്തിന് നൽകേണ്ട പരിഗണന സംബന്ധിച്ച് രേഖയിൽ ചർച്ച ചെയ്യുന്നുമുണ്ട്.

ശ്രീ. ജി. എസ്. ജയലാൽ: സർ, ഹയർ സെക്കണ്ടറി സിലബസ് പരിഷ്ക്കരണ നടപടികൾക്കുള്ള സർവ്വെയുടെ ഭാഗമായി ബന്ധപ്പെട്ട വിദഗ്ദ്ധർ, വിദ്യാർത്ഥി സംഘടനാ ഭാരവാഹികൾ എന്നിവരിൽ നിന്നും നിർദ്ദേശങ്ങൾ സ്വരൂപിക്കാൻ ഗവൺമെന്റിന് താല്പര്യമുണ്ടോ ?

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, അതിന്റെ കരട് നിർദ്ദേശങ്ങളാണ് ഇപ്പോൾ വന്നിട്ടുള്ളത്. വിശദാംശങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കും.

ശ്രീ. ഇ. കെ. വിജയൻ: സർ, ഹയർ സെക്കണ്ടറി പ്രവേശനത്തിന് സി.ബി.എസ്.ഇ. വിദ്യാർത്ഥികൾക്കുകൂടി പ്രവേശന സൗകര്യം ലഭിച്ചതിനെ തുടർന്ന് നിയമസഭയിലുൾപ്പെടെ വ്യാപകമായ പ്രതിഷേധം ഉയർന്നിരിക്കുകയാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി സ്റ്റേറ്റ് സിലബസ്സിൽ എസ്.എസ്.എൽ.സി. പാസ്സാകുന്ന കുട്ടികൾക്ക് പ്രവേശനത്തിന് ബോണസ് മാർക്ക് നൽകുമോ; അല്ലെങ്കിൽ ഈ അസമത്വം അവസാനിപ്പിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : സർ, സി.ബി.എസ്.ഇ. കുട്ടികൾക്ക് മുൻതൂക്കം ലഭിക്കുന്നു എന്നുള്ള കാര്യം പരിശോധിക്കുകയും കരട് അലോട്ട്മെന്റ് വന്നപ്പോൾ അത് മാറ്റാൻ നടപടികൾ സ്വീകരിക്കുകയും അതിനാവശ്യമായ നോർമലൈസേഷൻ നടത്തുകയും ചെയ്തിട്ടുണ്ട്. അടുത്ത വർഷം കുറേക്കൂടി ഫലപ്രദമായി ഇതിൽ വ്യത്യാസമില്ലാതെ നടത്താൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് പരിശോധിക്കും.

<u>ശ്രീ. കെ. അജിത്</u> : സർ, ഹയർ സെക്കണ്ടറി പാഠ്യപദ്ധതി സമീപന ശേഖ നടത്തുന്നതോടൊപ്പം ഇപ്പോഴത്തെ അലോട്ട്മെന്റിൽ വിദ്യാർത്ഥികൾക്ക് ആവശ്യമായ സീറ്റ് ലഭ്യമായിട്ടില്ല. അതിനാൽ സീറ്റ് വർദ്ധിപ്പിച്ചു കൊടുക്കാനുള്ള സംവിധാനം ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുണ്ടാകുമോ ?

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, കഴിഞ്ഞ ദിവസം അടിയന്തര പ്രമേയത്തിന്റെ ഭാഗമായി ഞാനും ബഹുമാന്യനായ മുഖ്യമന്ത്രിയും പറഞ്ഞ കാര്യമാണ്; സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. കൂടുതൽ കുട്ടികൾ പാസ്സായതിന്റെ ഭാഗമായിട്ടാണ് 20 ശതമാനം സീറ്റുകൾ വർദ്ധിപ്പിക്കാനുള്ള അനുമതി കൊടുത്തത്. ഈ അധിക സീറ്റുകൾ മാനേജ്മെന്റ് സ്കൂളുകളോട് നിർബന്ധപൂർവ്വം എടുക്കണമെന്ന് ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: സർ, ഹയർ സെക്കണ്ടറി സീറ്റുകൾ 20 ശതമാനം വർദ്ധിപ്പിക്കാൻ ഗവൺമെന്റ് തീരുമാനമെടുത്തു. എല്ലാ വിഷയങ്ങളിലും A+ കിട്ടുന്ന കുട്ടികൾക്ക് അതത് സ്കൂളുകളിൽ അഡ്മിഷൻ നൽകണമെന്ന സംവിധാനത്തെക്കുറിച്ചും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറയുകയുണ്ടായി. ചില നിലവാരമുള്ള സ്കൂളുകളിൽ വർദ്ധിച്ച രീതിയിൽ കുട്ടികൾ കടന്നുവന്നിരിക്കുകയാണ്. ഇങ്ങനെയുള്ള ഘട്ടങ്ങളിൽ മറ്റു സ്കൂളുകളുടെ ഗുണനിലവാരംകൂടി മെച്ചപ്പെടുത്താനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുകയും ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ കടന്നുവരുന്ന സ്കൂളുകളിൽ ഈ കാര്യം എങ്ങനെ പരിഹരിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ ?

<u>ശ്രീ. പി.കെ. അബ്ദു റബ്ബ്</u>: സർ, സർക്കാർ സ്കൂളുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ നമുക്ക് നേരിട്ട് കാര്യങ്ങൾചെയ്യാം. മാനേജ്മെന്റ് തലത്തിൽ നല്ല ഗുണനിലവാരമുള്ള സ്ഥാപനങ്ങളും അല്ലാത്ത സ്ഥാപനങ്ങളുമുണ്ട്. ഗുണനിലവാരമുള്ള സ്കൂളുകളിലേക്കാണ് കൂടുതൽ വിദ്യാർത്ഥികളും ഓപ്ഷൻ കൊടുക്കുന്നത് എന്നത് വസ്തുതയാണ്. അങ്ങനെ വരുമ്പോൾ ഗവൺമെന്റിന് ഇടപെടാൻ സാധിക്കുന്ന മേഖലകളിൽ ഇടപെടും.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, ഗവൺമെന്റ് 20 ശതമാനം സീറ്റ് വർദ്ധിപ്പിച്ച തീരുമാനം ഞങ്ങൾ സ്വീകരിക്കുന്നില്ല എന്നാണ് മാനേജ്മെന്റ് സ്കൂളുകൾ പൊതുവെ എടുത്തിരിക്കുന്ന നിലപാട്. അവിടെ സീറ്റ് വർദ്ധനവ് നടപ്പാക്കാൻ എന്ത് നടപടിയാണ് ഗവൺമെന്റ് എടുക്കാൻ ഉദ്ദേശിക്കുന്നത്; കേരളത്തിലെ ചില പഞ്ചായത്തുകളിൽ, ഒരു സ്കൂളുകളിലും ഹയർ സെക്കണ്ടറി വിഭാഗമില്ലാത്ത സ്ഥിതിയുണ്ട്. അത്തരം പഞ്ചായത്തുകളിൽ ഒരു സ്കൂളിലെങ്കിലും ഹയർ സെക്കണ്ടറി വിഭാഗം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, മാനേജ്മെന്റുകൾ വ്യാപകമായി സഹകരിക്കുന്നില്ല എന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അക്കാര്യത്തിൽ ഗവൺമെന്റിന് ഏത് രീതിയിലാണോ ഇടപെടാൻ സാധിക്കുന്നത് ആ രീതിയിൽ ഇടപെടും. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഹയർ സെക്കണ്ടറി സൗകര്യമില്ലാത്ത പഞ്ചായത്തുകളുടെ കാര്യത്തിൽ എന്തു ചെയ്യണമെന്നത് മന്ത്രിസഭ കൂടിയാലോചിച്ച് തീരുമാനമെടുക്കും.

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### റീ സർവ്വേ അദാലത്തുകൾ

7 (*697) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റീസർവ്വേ സംബന്ധിച്ച പരാതികൾ പരിഗണിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ബി) ഇതിനായി അദാലത്തുകൾ നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;

(സി) എന്നുമുതലാണ് ഈ അദാലത്തുകൾ നടത്താനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) 31-5-2010-ലെ ജി.ഒ (എം എസ്.) 200/10/റവന്യൂ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം റീസർവ്വേ പൂർത്തിയായ വില്ലേജുകളുടെ ഭൂമി സംബന്ധമായ എല്ലാ പരാതികളിലും മേൽ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട അഡീഷണൽ തഹസിൽദാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. താലൂക്കാഫീസ് മുഖേന തീർപ്പാക്കാൻ ശേഷിക്കുന്ന ഭൂപരാതികളുടെ എണ്ണത്തിനനുസരിച്ച് പരാതി പരിഹരിക്കുന്നതിനായി സർവ്വേ വകുപ്പിൽനിന്നും ജീവനക്കാരെ താലൂക്ക് എൽ.ആർ.എം. വിഭാഗത്തിലേക്ക് പുനർവിന്യസിച്ചിട്ടുണ്ട്. വരുന്ന 6 മാസത്തിനകം എല്ലാ താലൂക്കുകളിലുമുള്ള മുഴുവൻ ഭൂപരാതികളും സർവ്വേ ജോലി പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഓരോ ജില്ലയിലും തീർപ്പാക്കാൻ ശേഷിക്കുന്ന റീ-സർവ്വേ പരാതികൾ വരുന്ന 6 മാസത്തിനുള്ളിൽ അദാലത്ത് സംഘടിപ്പിച്ച് തീർപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ട്.

(സി) കൃത്യമായ തീയതി തീരുമാനിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly